Malappuram District Police

## 07/06/2018 പെരിന്തൽമണ്ണ

പെരിന്തൽമണ്ണയില് 12 പേരടങ്ങുന്ന ചീട്ടുകളി സംഘം അറസ്റ്റിലായി. ഇന്നലെ ജൂബിലി റോഡിലെ എ.കെ.അപ്പാർട്ട്മെന്റ്സിലെ ഒരു ഫ്ലാറ്റില് നിന്നാണ് സംഘം പിടിയിലായത്. ഇവരിൽ നിന്ന് 1,82,000 രൂപയും കണ്ടെടുത്തു. താഴേക്കോട് കരിങ്കല്ലത്താണി സ്വദേശികളായ കളക്കങ്ങൻ അസൈനാര് (42), പുത്തൻപറമ്പില് റോബിന് (34), പുലിക്കോടൻ റസാഖ് (46), നരേൻകോട്ടില് സുകുമാരൻ (47), സായ്ബൻ ബീരാന് (32), അമ്പാടത്ത് മുഹമ്മദ് ഫിറോസ് (30), കാളൻതൊടി അബ്ദുല് അസീസ് (32), പുലിക്കാട്ട് സാനിബ് (32), ആലായൻ യുസുഫ് (46), നാലകത്ത് അബ്ദുൽനാസര് (38), നാട്ടുകൽ തള്ളച്ചിറ സ്വദേശികളായ നെടുംപാറക്കുളം ചന്ദ്രൻ (39), പള്ളത്ത് അബു (35) എന്നിവരെയാണ് പെരിന്തൽമണ്ണ ഡിവൈ.എസ്.പി. എം.പി.മോഹനചന്ദ്രന്റെ നേതൃത്വത്തിലുള്ള സംഘം അറസ്റ്റ്ചെയ്തത്.

പെരിന്തൽമണ്ണ സി.ഐ ടി.എസ് ബിനു മൂത്തേടം, എസ്.ഐമാരായ ആന്റണി, വേലായുധൻ, ടൗണ് ഷാഡോ ടീമിലെ പി.എൻ.മോഹനകൃഷ്ണൻ, എൻ.ടി.കൃഷ്ണകുമാർ, എം.മനോജ്കുമാർ, പ്രതീപ്, ബിപിൻ, ഷാജി, വിപിൻ ചന്ദ്രന് എന്നിവരും അന്വേഷണത്തിൽ പങ്കെടുത്തു.